## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4734

28 .06.2013-ലെ
മറുപടിയ്ക്ക്.

### താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

ചോദ്യം

ശ്രീ. വി.ഡി.സതീശൻ:
ശ്രീ. പി.സി.വിഷ്ണുനാഥ്:
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ്:

(എ) പഞ്ചായത്തുകളിൽ താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; വിശദമാക്കാമോ:

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആയതിന്റെ പ്രയോജനം ആർക്കെല്ലാം ലഭിക്കുന്നുണ്ട് ; വിശദമാക്കുമോ;

(ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾ മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും, സാമൂഹ്യനീതിയും
വകുപ്പു മന്ത്രി)

(എ) (ബി) (സി) & (ഡി) ഉണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിച്ചു നൽകുന്നില്ല എന്ന സാഹചര്യം നിലവിൽ ഉണ്ടെന്ന് മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച അനവധി നിവേദനങ്ങളിൽ നിന്നും സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 100 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നിബന്ധനകളോടെ താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി 04/06/2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ